**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി ജൂനിയർ (അറബിക്) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 10.08.2022-ന് നിലവിൽ വന്ന ഹയർ സെക്കന്ററി ജൂനിയർ (അറബിക്) (തസ്തികമാറ്റം) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; നിയമന ഉത്തരവ് നൽകിയവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | **14 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരിൽ 5 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.** |
| (ബി) | നിയമന ഉത്തരവ് ലഭിച്ചവർ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്നുണ്ടായ ഒഴിവുകൾ നികത്തുന്ന നടപടിക്രമം വിശദമാക്കുമോ; | (ബി) | **വിവിധ ഹയർസെക്കന്ററി അദ്ധ്യാപക-ജൂനിയർ തസ്തികകളിൽ HSA, LPSA/UPSA, Ministerial staff, Lab Assistant എന്നിവർക്ക് 70:20:5:5 അനുപാതത്തിൽ 11/08/2022-ൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയിരുന്നു. ടി അനുപാതത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകുവാൻ സർക്കാർ ഉത്തരവ് ഉണ്ടെങ്കിലും ആയതുസംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടില്ല. OA Nos. 1170 & 1502 of 2022-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 06/12/2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി നൽകിയ ബൈ ട്രാൻസ്ഫർ നിയമനങ്ങൾ ട്രിബ്യൂണൽ വിധിക്കുവിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ടി കേസുകളിലെ അന്തിമ വിധിക്ക് അനുസൃതമായി മാത്രമേ ടി ഒഴിവുകൾ നികത്താനാകൂ.** |
| (സി) | ജോലിയിൽ പ്രവേശിക്കാത്തതിനെത്തുടർന്നുണ്ടായ ഒഴിവുകൾ ഉൾപ്പടെ ഹയർ സെക്കന്ററി ജൂനിയർ (അറബിക്) (തസ്തികമാറ്റം) ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് തസ്തികമാറ്റ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | 01/01/2016 മുതൽ 28/12/2020 വരെയുള്ള കാലയളവിലെ തസ്തികമാറ്റത്തിനായുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ അറബിക്കിന്റെ 15 ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകിയ ശേഷം 9 NJD ഒഴിവുകളും മിനിസ്റ്റീരിയൽ കാറ്റഗറിയിൽ യോഗ്യരായവർ ഇല്ലാത്തതിനാൽ ഒരു ഒഴിവും ഉണ്ട്. 28/12/2020-ന് ശേഷം തസ്തികമാറ്റ നിയമനത്തിനായി എച്ച്.എസ്.എസ്.റ്റി ജൂനിയർ |

| | | | |
|---|---|---|---|
| | | | അറബിക്കിന്റെ 5 ഒഴിവുകളും ഉണ്ട്. അപ്രകാരം ആകെ 15 ഒഴിവുകളാണുള്ളത്. 28/12/2020-ന് ശേഷമുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബൈ ട്രാൻസ്ഫർ ഒഴിവുകൾ PSC വഴി നികത്തുന്നത് അടക്കം സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിലെ അന്തിമ **വിധിയ്ക്ക് അനുസൃതമായി മാത്രമേ ഈ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ